# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.874 — 30.11.2018-ൽ മറുപടിയ്ക്ക്

## സാംസ്കാരിക അവബോധം വർധിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ശശി : | **ശ്രീ. എ. കെ. ബാലൻ**<br>**പട്ടിക ജാതി പട്ടികവർഗ്ഗ**<br>**പിന്നോക്ക സമുദായ ക്ഷേമവും നിയമവും**<br>**സാംസ്കാരികവും പാർലമെന്ററികാര്യവും**<br>**വകുപ്പ് മന്ത്രി** |
| (എ) കേരളത്തിന്റെ നവോത്ഥാന ചരിത്രത്തെ കുറിച്ചും നവോത്ഥാന - പുരോഗമന മൂല്യങ്ങളെ കുറിച്ചും ജനങ്ങൾക്കിടയിൽ അവബോധം വർദ്ധിപ്പിക്കുന്നതിന് വിശദമായ കർമ്മ പദ്ധതി തയ്യാറാക്കുമോ;<br><br>(ബി) ഈ വിഷയങ്ങളിൽ എല്ലാ ജില്ലകളിലും ശിൽപശാലകൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നത് പരിഗണനയിലുണ്ടോ ? | (എ) & (ബി) കേരളത്തിന്റെ നവോത്ഥാന ചരിത്രത്തെക്കുറിച്ചും പുരോഗമന മൂല്യങ്ങളെക്കുറിച്ചും ജനങ്ങൾക്കിടയിൽ അവബോധം വർദ്ധിപ്പിക്കാൻ ബഹുമുഖങ്ങളായ കർമ്മ പദ്ധതികൾ സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി എല്ലാ മേഖലകളിലും പ്രവർത്തനം ആവശ്യമായിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ, സംസ്ഥാന ലൈബ്രറി കൗൺസിൽ, ഇക്കാര്യം മുൻനിർത്തി പ്രവർത്തിക്കുന്ന സ്വതന്ത്ര സംഘടനകൾ എന്നിവയെയെല്ലാം ആകാവുന്ന രീതിയിൽ സഹായിക്കുക എന്നതാണ് സർക്കാരിന്റെ നയം. ഇതിനായുള്ള നടപടികൾ പലതലങ്ങളിൽ സർക്കാർ ഏറ്റെടുത്ത് വരികയാണ്.<br><br>കേരളത്തിന്റെ പുരോഗമന മനസ്സിന് ഊർജ്ജം പകർന്നതും അയിത്തോച്ചാടന സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് ശക്തി പകർന്നതുമായ നമുക്ക് ജാതിയില്ലാ വിളംബരം, സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനം എന്നിവ സമുചിതമായി ആഘോഷിക്കുക വഴി ശക്തമായ സന്ദേശം സമൂഹത്തിന് നൽകുവാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. മാനവികതയും മതമൈത്രിയും ഉയർത്തിപ്പിടിച്ച് രക്തസാക്ഷിത്വം വരിച്ച മഹാത്മജിയുടെ സ്മരണ ഉണർത്തുന്ന ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടി നടപ്പിലാക്കി വരികയാണ്. 2018 നവംബർ 9 മുതൽ 12 വരെ ക്ഷേത്രപ്രവേശനവിളംബരത്തിന്റെ 82-ാം വാർഷികം 'തമസോ മാ ജ്യോതിർ ഗമയ' എന്ന പേരിൽ സംഘടിപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പം |

"നവോത്ഥാനം, ഭരണഘടന, കുട്ടികളുടെ അവകാശം" എന്ന പ്രത്യേക പരിപാടി പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നവംബർ 26 മുതൽ ജനുവരി 26 വരെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടത്താനും തീരുമാനിച്ചിട്ടുണ്ട്. സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങളിലൂടെയും നവോത്ഥാനചരിത്രവും നവോത്ഥാന മൂല്യങ്ങളും സംബന്ധിച്ച അവബോധം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

എല്ലാ ജില്ലകളിലും ശില്പശാലകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ എന്നിവയെല്ലാം സംഘടിപ്പിച്ചുകൊണ്ട് ഈ ലക്ഷ്യത്തെ സഹായിക്കാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

(signed)

**സെക്ഷൻ ഓഫീസർ**